# പ്രതികരണങ്ങൾ — 31



പ്രതികരണങ്ങൾ — 31
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Love's Messenger, a painting by Marie Spartali Stillman (1844–1927). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## പി. എഫ്. മാത്യൂസ്: ചില പ്രാചീന വികാരങ്ങൾ

**ഡോ. സംഗീത:** ചില പ്രാചീന വികാരങ്ങൾ എന്ന പി. എഫ്. മാത്യൂസിന്റെ ചെറുകഥ ആധുനികാനന്തര കാലത്തിന്റെ നേർക്കാഴ്ചകളെയാണ് മുന്നോട്ടുവയ്ക്കുന്നത്. ഏറെ കയ്യടക്കത്തോടെ രചിച്ച ഈ ചെറുകഥ പാർശ്വവത്ക്കരിക്കപ്പെടുന്ന വാർദ്ധക്യത്തെ പ്രശ്നവത്ക്കരിക്കുന്ന ഒന്നാണ്. എഴുപതും എൺപതും വയസ്സുവരെ കുടുംബത്തിനും സമൂഹത്തിനും വേണ്ടി ജീവിച്ച അച്ഛനമ്മമാരെ ജീവിതത്തിലെ തിരക്കുകൾ പറഞ്ഞ് നാം ഇന്ന് ഒറ്റപ്പെടുത്തുന്നു. മതിലിനു മുകളിൽ നിന്ന് വീണു മരിച്ച 85 കാരനായ ഗോപാലകൃഷ്ണ ഗോഖലെ നമുക്കു മുന്നിൽ ഒരു ചോദ്യചിഹ്നമാകുന്നു. ഭാര്യയുടേയും മക്കളുടേയും എതിർപ്പിനെ അവഗണിച്ച് ഗ്രാമത്തിൽ നിന്നും കൊണ്ടുവന്ന നകുലന്റെ അമ്മ ഒന്ന് പിടയ്ക്കുപോലും ചെയ്യാതെ മരിച്ച തോട്ടുമീനിനെ പോലെയായിരുന്നു. കുളിപ്പിച്ച് പൗഡറിട്ടിട്ടും മായാതെ കിടന്ന ആ നീലനിറം പോലീസുകാരനായിട്ടും അയാൾ വിട്ടുകളയുന്നു. മനോവിഭ്രാന്തി കാട്ടിത്തുടങ്ങിയ ഭാര്യയെ മക്കൾ കൈവയ്ക്കുന്നതു കണ്ട് സഹിക്കാനാവാതെ അവരെ കൊന്നു കൊണ്ട് ജയിലിലെത്തുന്ന ഭർത്താവ്. യാന്ത്രികമായ ആധുനിക യുഗത്തിലെ കാലഹരണപ്പെട്ട മനുഷ്യരാണിവരെല്ലാം. നാളെ നമ്മളും ഇതുപോലെ കാലഹരണപ്പെട്ടവരാകും എന്നു ചിന്തിക്കാൻ പോലും നേരമില്ലാതെ എവിടേയ്ക്കോ ഓടിക്കൊണ്ടിരിക്കുന്നു നമ്മൾ.

## മധുസൂദനൻ: ആകാശത്തിന്റെ ആകൃതി ദീർഘചതുരം

**കെ. ജി. എസ്.:**

മധു,
വിചിത്ര ഗഹനം,
ഈ ദൃശ്യവാഹിനി.

## കെ. ടി. ബാബുരാജ്: മാർക്സ്, ലെനിൻ, അജിത

**കെ. സച്ചിദാനന്ദൻ:** കഥ വല്ലാതെ സ്പർശിച്ചു. ഒരു കാലം മുഴുവൻ മനസ്സിലൂടെ കടന്നു പോയി, അതിന്റെ പരിണാമവും. എങ്കിലും കർഷകർ സമരം ചെയ്യുന്നതിന്നു മൂന്നു കിലോമീറ്റർ അടുത്തിരുന്ന് വെറുതേ വെറുതേ എന്നു പറയാൻ മനസ്സു വരുന്നില്ല.

## കെ. ജി. എസ്.: കയ്പ്പ്

**രാജൻ:**

നേരത്തിന്റെ
നേരിന്റെ
കയ്പ്പും
കണ്ണീരും
കടഞ്ഞതിനു
നന്ദി മാഷെ...

**കെ. സച്ചിദാനന്ദൻ:** കവിതയും വായനയും: കയ്പ്പിന്റെ സൗന്ദര്യശാസ്ത്രം നന്നായി. സ്നേഹം.

**ടി. ആർ. വേണുഗോപാലൻ:** 'കയ്പ്പ്': മാനവികവും പാരിസ്ഥിതികവും

എല്ലാ പ്രഭാതത്തിലും ആവിപാറുന്ന ചൂടുചായയും മോന്തി ദിനപ്പത്രങ്ങൾക്കുമുന്നിൽ നാം ഇരുന്ന് ലോക വിശേഷങ്ങൾ അറിയുന്നു. ചായയില്ലാത്ത പ്രഭാതം നമുക്ക് സങ്കല്പിക്കാനാകില്ല. ഇതിനു വേണ്ടി അദ്ധ്വാനിക്കുന്ന പരശ്ശതം മനുഷ്യർ കാലിത്തൊഴുത്തുകളേക്കാൾ മോശമായ ലായങ്ങളിലാണ് മലമുകളിൽ കഴിയുന്നത്. അവരിൽ പെട്ടിമുടിയിലെ ഒരു കോളനി തന്നെ കഴിഞ്ഞ ജൂലായ് മാസത്തെ ഉരുൾ പൊട്ടലിൽ തുടച്ചുമാറ്റപ്പെട്ടു. അർദ്ധരാത്രിയിൽ നിനച്ചിരിക്കാതെ അവരെ മല വിഴുങ്ങി. ആരൊക്കെ ജീവനോടെ മണ്ണിൽക്കുരുങ്ങിക്കിടപ്പുണ്ടെന്നറിയാൻ ആകാംക്ഷാഭരിതമായ ദിനരാത്രങ്ങൾ, ആഴ്ചകൾ. ഒരു വളർത്തുനായ മോങ്ങിക്കൊണ്ട് എല്ലാദിവസവും രക്ഷാപ്രവർത്തകർക്കൊപ്പം. ഹൃദയഭേദകമായ കാഴ്ച. ഫലത്തിൽ കുറച്ച് അനാഥബാല്യങ്ങളും ഈ വളർത്തുനായും ദുരന്തത്തിന്റെ ബാക്കിപത്രമായി ഇന്നും അവിടെ ദുരിതസന്ധിയിൽ കഴിച്ചുകൂട്ടുന്നു.

ഇതാണ് കെ. ജി. എസ്സിന്റെ 'കയ്പ്പ്' എന്ന കവിതയുടെ സന്ദർഭം. ഉറ്റവരെവിടെ ഊരെവിടെ എന്നു പോലും അറിയാത്ത സ്ഥിതി. എല്ലാ അടയാളങ്ങളും മാഞ്ഞിരിക്കുന്നു. എങ്കിലും എങ്ങനെ തേടാതിരിക്കും. ഏതെങ്കിലുമൊരു നെഞ്ചിൽ ജീവന്റെ മിടിപ്പുണ്ടെങ്കിലോ? ജെസിബി വരുന്നു. ഉറ്റവർ ഉണരാതെത്തിയത് ജെസിബി തൊട്ടിലിൽ. കിട്ടുന്നത് മേൽപ്പുര, കീഴ്പ്പുര ജന്നലുകൾ തുടങ്ങിയ മനുഷ്യാലയ ശിഷ്ടങ്ങൾ. കിട്ടിയ കീറർത്ഥങ്ങളെല്ലാം കൊണ്ടുവരുന്നത് കയ്പ്പേറിയ സൂചനകൾ.

നാഗരികാർത്തിയുടെ പൊന്മുട്ടവിളയുന്ന ഖനികളായിരുന്നു നമ്മുടെ പശ്ചിമഘട്ട മലനിരകൾ. നാഗരികാർത്തിയുടെ ദല്ലാളന്മാർ തോണ്ടിയ കുഴികളാണ് തേയിലത്തൊഴിലാളികളുടെ മരണക്കുഴിയായി മാറിയത്. ഭാവിയിലേക്ക് കുതിച്ച അവരുടെയും വികസനഭ്രാന്തിന്റെയും പാദങ്ങൾ പ്രാചീനതയിൽ ചിന്നിച്ചിതറി. ഉയരാനൊരുങ്ങിയ പുരോഗതി പാതാളത്തിൽ പതിച്ചു.

എങ്കിലും തെരയാതെങ്ങനെ?
എവിടെയുമാഴമൊടുക്കത്തിൽ
എല്ലാറ്റിലുമുള്ള കയത്തിൽ
കരിവെയിലെരിയും മൌനത്തിൽ
കുനിയിരിക്കുന്നുണ്ടാവാം
കാണാതായ മുതിർന്നോർ.

തുടർന്നുള്ള പ്രയോഗം ഹൃദത്തിന്റെ അടിത്തട്ടിൽ നിന്നു വരുന്നത്:

മൃതിയിലുമൊരു കളിമൈതാനം
കണ്ട് കിടാങ്ങൾ
കളിയാടുകയാവാമവിടെ.

തെരയാതെങ്ങനെ?

ഒന്നും കിട്ടാനിടയില്ലെങ്കിലും പ്രതീക്ഷയുടെ തെരച്ചിൽ തുടർന്നുകൊണ്ടിരിക്കുന്നു.

ഒടുവിൽ നേരേതെന്നറിയാത്ത സമൂഹത്തിനു നേരെ മൂർച്ചയേറിയ ചോദ്യശരങ്ങൾ ഉതിർക്കുകയാണ് കവി.

ഒച്ചയിലുയരും മൂകത നേരോ?
ചിരിയിലൊലിക്കും കണ്ണീർ നേരോ?
വിരിയലിൽ വിളയും കരിയൽ നേരോ?
നേരോ, കുതികളിലുറയുമനങ്ങായ്ക?
അറിവേക്കാൾ അറിവില്ലായ്കകൾ
വാഴും പുരമോ നമ്മുടെ പ്രജ്ഞ?

ഇതിനുള്ള ഉത്തരങ്ങൾ നമുക്കറിയാം. നാം അതെല്ലാം കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുകയാണ്. അതാണ് ഉപഭോഗാർത്തി നിയന്ത്രിക്കാനാവാത്ത നമുക്ക് പ്രിയം. ഭരണകൂടത്തിന് കോർപ്പറേറ്റ് താല്പര്യങ്ങളൊഴിഞ്ഞ നേരവുമില്ല. അങ്ങനെ വരുമ്പോൾ പെട്ടിമുടി പ്രകൃതിദുരന്ത ചരിത്രത്തിലെ മറ്റൊരു ദുരന്തമായി, അടുത്ത ദുരന്തമുണ്ടാകും വരെ, മാത്രം നാം ഓർക്കുന്നു. അവിടെ അവശേഷിക്കുന്ന ജീവിതങ്ങളെ സംരക്ഷിക്കാൻ, ഇനിമറ്റൊരു ദുരന്തം ആവർത്തിക്കാതിരിക്കാൻ നമ്മുടെ ഭരണകൂടത്തിന് ഉത്തരവാദിത്വം ഉണ്ടാകേണ്ടതല്ലെ. പെൺപിളൈ സമരം രാഷ്ട്രീയ കുതന്ത്രങ്ങൾകൊണ്ട് പരാജയപ്പെടുത്തിയതാണ് നമ്മുടെ രാഷ്ട്രീയ ദുഷ്പ്രഭുത്വ ഗരിമ.

എല്ലാം കൊണ്ടും ഇരുണ്ട കാലം: സംഭവിച്ചതിലും സംഭവിച്ചുകൊണ്ടിരിക്കുന്നതിലും എല്ലാം ഒരേ കയ്പ്പ്. അതാണ് കെ. ജി. എസ്സിന്റെ കവിത നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ കെ. ജി. എസ്. കവിതകളേയും പോലെ 'കയ്പ്പും' ഒരു പാരിസ്ഥിതിക, മാനവീക കവിതയാണ്. അതിജീവനത്തിന്റേയും!

ശ്രീ എ. പ്രതാപന്റെ വായനാനുഭവം ഹൃദ്യമായി. അദ്ദേഹം പറയുന്നതുപോലെ കെ. ജി. എസ്. ചരിത്രത്തിന്റെ പൊരുൾ ഭൂതകാലത്തിൽ നിന്നു കുഴിച്ചെടുക്കുകയാണ്. 'മണ്ണിന്നടിയിൽ അടക്കംചെയ്യപ്പെട്ട പൗരാണിക നഗരങ്ങളെന്നപോലെ, ഓർമ്മയിൽ പുതഞ്ഞുകിടക്കുന്ന നമ്മുടെ അനുഭവങ്ങൾ. മറവുചെയ്യപ്പെട്ട സ്വന്തം ഭൂതകാലത്തെ സമീപിക്കുന്ന ഒരുവനു കുഴിവെട്ടുകാരനെ പോലെ ആകാതവയ്യ... കവിതയും ഒരു ഖനനമാണ്. കെ. ജി. എസ്സിന്റെ കവിതയിൽ ആ കിളയ്ക്കൽ ചരിത്രത്തിന്റെ മേൽമണ്ണു നീക്കുന്ന ഉദാസീന ക്രിയ അല്ല. ആഴത്തിലാഴത്തിൽ വീണ്ടെടുപ്പാനുള്ള മിടിപ്പുകൾ ഇനിയും ബാക്കിയുണ്ടോ എന്ന അവസാനിക്കാത്ത തെരച്ചിലാണത്. വീട്ടുമുറ്റത്തെ കിണറ്റിൽനിന്ന് മോഹൻജൊദാരോവിലെ മരിച്ചവരുടെ മേട്ടിലെ പുഷ്കരത്തോളം എത്തുന്ന ഒന്ന്.'

**കരുണാകരൻ:**

മേൽപ്പുര കീഴ്പ്പുര പോയൊരു ജന്നൽ
തല വിട്ടു തുറിച്ചൊരു കണ്ണായ്.

പഴയൊരു കാളി ക്ഷേത്രത്തിന്റെ മുമ്പിൽ നിന്നും ഓടി രക്ഷപ്പെടുന്ന സ്വപ്നം, എല്ലാ വരികളും ഇല്ലാത്ത വാതിൽ ഒച്ചവെക്കുന്ന പോലെ...

അസാധ്യ കവിത!

**ഹബീബ്, എം. എച്ച്.:**

ഭാവിയിലേക്ക് കുതിച്ച പദങ്ങൾ
പ്രാചീനതയിൽ ചിന്നിച്ചിതറി.
ഉയരത്തിനൊരുങ്ങിയതെല്ലാം
പാതാളത്തിലടങ്ങിയമർന്നു.

പ്രാചീനതയും പാതാളവും നമുക്ക് അത്രമാത്രം അരുകിലാണ്!

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റ ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** ഡിസംബർ മാസത്തെ കാറ്റലോഗ് ഈ കണ്ണിയിൽ:

http://books.sayahna.org/ml/pdf/releases-dec-20.pdf

ഇതുവരെയുള്ള എല്ലാ ഫോൺ പതിപ്പുകളും ഇവിടെ: http://dl.sayahna.org/dl-p-pdfs.html

കവർ പേജിന്റെ ചെറിയ ചിത്രങ്ങളടക്കമാണ് ലിങ്കുകൾ നല്കിയിട്ടുള്ളത്. കൂടാതെ കാറ്റലോഗിൽ ഇല്ലാത്ത ഉള്ളൂരിന്റെ സാഹിത്യചരിത്രം, കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ എന്നിവയുടെ ഫോൺ പതിപ്പുകളും ഇവിടെയുണ്ട്.

(ഡിസംബർ 26 മുതൽ ജനുവരി 16 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014